**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1221** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>മുൻ സർക്കാരിന്റെ കാർഷിക പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. പി. മമ്മിക്കുട്ടി

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ പത്ത് വർഷത്തിനിടെ സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനായി മുൻ സർക്കാർ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ സുഭിക്ഷ കേരളം, ഞങ്ങളും കൃഷിയിലേയ്ക്ക് എന്നീ പദ്ധതികളുടെ പ്രധാന നേട്ടങ്ങൾ വിശദമാക്കാമോ;

**<u>മറുപടി:</u>** ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയാണ് സുഭിക്ഷ കേരളം. സുഭിക്ഷ കേരളം പദ്ധതിയിലൂടെ കാർഷിക മേഖലയിൽ പ്രധാനമായും തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനും, സംയോജിത കൃഷിസമ്പ്രദായം നടപ്പിലാക്കുന്നതിനും, ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും, മഴമറ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക വിപണി ശക്തിപ്പെടുത്തുന്നതിനും സാധിച്ചു.

**1. തരിശ് നിലകൃഷി**

തരിശ് നിലകൃഷിയിൽ ഉൾപ്പെടുത്തി നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗ വിളകൾ, പയർവർഗ്ഗ വിളകൾ, ചെറുധാന്യങ്ങൾ എന്നിവയുടെ 24.990 ഹെക്ടർ വിസ്തൃതി വർധിപ്പിച്ചിട്ടുണ്ട്.

**(എ) നെൽകൃഷി**

സംസ്ഥാനത്തുള്ള തരിശ് നിലങ്ങൾ കണ്ടെത്തി കൃഷി ഇറക്കുന്നതിന് ഹെക്ടറിന് ₹40,000 ധനസഹായം നൽകി.

**(ബി) പച്ചക്കറി കൃഷി**

ഓരോ പഞ്ചായത്തിലും കൃഷിയോഗ്യമായ തറിശ് ഭൂമി കണ്ടെത്തി പച്ചക്കറി അധികമായി ഉൽപാദിപ്പിച്ചു. പ്രത്യേക പ്രോത്സാഹനമെന്ന നിലയിൽ ഹെക്ടറിന് ₹40,000 ധനസഹായം നൽകി വരുന്നു.

**(സി) ഫലവർഗ്ഗ കൃഷി**

നേന്ത്രൻ, ഞാലിപ്പൂവൻ, കപ്പ, വാഴ, പാളയംകൊടൻ, റോബസ്റ്റ എന്നിവ ഇനങ്ങൾ വ്യാപകമായി കൃഷി ചെയ്ത് ഉൽപാദനം വർധിപ്പിച്ചു. ഫലവർഗ്ഗ കൃഷി വ്യാപനത്തിന് ഹെക്ടറിന് ₹40,000 ധനസഹായം

നൽകി.

**(ഡി) കിഴങ്ങ് കൃഷി**

ചേന, മരച്ചീനി, ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ്, കൂർക്ക തുടങ്ങിയ ഒട്ടനവധി കിഴങ്ങുവർഗ്ഗ വിളകളുടെ ഉൽപാദനം തരിശ് ഭൂമിയിൽ ഹെക്ടറിന് ₹30,000 ധനസഹായത്തോടെ വർധിപ്പിച്ചു.

**(ഇ) പയർവർഗ്ഗ കൃഷി**

ഉഴുന്ന്, മുതിര, തുവര, ചെറുപയർ, വൻപയർ എന്നിവയുടെ കൃഷി ഹെക്ടറിന് ₹30,000 ധനസഹായത്തോടെ വർധിപ്പിച്ചു.

**(എഫ്) ചെറുധാന്യങ്ങൾ**

സംസ്ഥാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യത്തിന്റെ 20 ശതമാനത്തിൽ താഴെ മാത്രം ഉൽപാദിപ്പിക്കുന്ന നമ്മുടെ നാട്ടിൽ, കുറഞ്ഞ പരിരക്ഷണമുള്ള മണ്ണിലും വലിയ പരിചരണമില്ലാതെ തന്നെ ഉൽപാദിപ്പിക്കാവുന്ന ഭക്ഷ്യവിളകളാണ് ചെറുധാന്യങ്ങൾ. തരിശ് സ്ഥലത്ത് ഹെക്ടറിന് ₹30,000 ധനസഹായത്തോടെ ചെറുധാന്യങ്ങളുടെ കൃഷി വർധിപ്പിച്ചു.

**2. ജൈവഗൃഹം**

ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകമായിരുന്നു ജൈവഗൃഹം (സംയോജിത കൃഷി (IFS – Integrated Farming System).

**3. മഴമറ**

സമഗ്ര പച്ചക്കറി വികസന പദ്ധതിയിലും സുഭിക്ഷ കേരളം പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കിയ ഒരു ഘടകമായിരുന്നു മഴമറ നിർമാണം. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉൽപാദനം വർധിപ്പിക്കുന്നതിനും സാധിച്ചു.

**4. ഒരുകോടി ഫലവൃക്ഷ തൈകൾ**

നട്ടുവളർത്തൽ സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്നും കൊണ്ടുവന്നത് നട്ട് പിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങളിലായ പ്ലാവ്, മാവ്, മാതളം, പാഷൻ ഫ്രൂട്ട്, ചാമ്പാ ഇനങ്ങൾ, സപ്പോട്ട, അവൊക്കാഡോ, ഓറഞ്ച്, പേരക്ക, നാരക ഇനങ്ങൾ, കൊടം പുളി, റമ്പൂട്ടാൻ, മാംഗോസ്റ്റീൻ, പപ്പായ, വാഴ ഇനങ്ങൾ, ചതുരപ്പുളി, ഡ്രാഗൺ ഫ്രൂട്ട്, ലിച്ചി, പാൽപ്പഴം, മിറക്കിൽ ഫ്രൂട്ട്, മുള്ളാത്ത, വെസ്റ്റ് ഇൻഡ്യൻ ചെറി, വുഡ് ആപ്പിൾ, ഇലുമ്പൻപുളി, സീതപ്പഴം, അനോനി, കസ്റ്റേഡ് ആപ്പിൾ, നെല്ലി തുടങ്ങിയ മുപ്പത് ഇനം ഫലവൃക്ഷങ്ങളുടെ ഒരുകോടി തൈകൾ ഉല്പാദിപ്പിച്ച് കർഷക്കാർക്ക് വിതരണം ചെയ്യുന്നതിനും പൊതു സ്ഥലങ്ങളിൽ വെച്ചുപിടിപ്പിക്കുന്നതിനും പദ്ധതിയിലൂടെ സാധിച്ചു.

**ഞങ്ങളും കൃഷിയിലേക്ക് -**

കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം വ്യാപിപ്പിക്കുക സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന ജനകീയ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷകരെ സ്വയം നിയന്ത്രിത കൂട്ടായ്മകളായ കൃഷിക്കൂട്ടങ്ങൾ (FIGs) ആയി സംഘടിപ്പിച്ച് കാർഷിക വികസനം സാധ്യമാക്കുന്ന കൂട്ടായ്മാധിഷ്ഠിത സമീപനമാണ് പദ്ധതിയുടെ അടിസ്ഥാന ആശയം.

പദ്ധതിയുടെ ഭാഗമായി ഉത്പാദന മേഖല, മൂല്യവർദ്ധിത മേഖല, സേവന മേഖല എന്നീ മൂന്ന് വിഭാഗങ്ങളിലായി കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രാദേശിക തലത്തിൽ കാർഷിക ഉത്പാദനം വർധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനത്തിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനും കാർഷിക മേഖലയിലെ തൊഴിൽ ക്ഷാമം ലഘൂകരിക്കുന്നതിനും സമയബന്ധിത കാർഷിക സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തുടനീളം "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ഭാഗമായി 23,245 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ 19,186 ഉത്പാദന മേഖല, 2,633 മൂല്യവർദ്ധിത മേഖല, 1,426 സേവന മേഖല കൃഷിക്കൂട്ടങ്ങളാണ്. 2,345 മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുകയും, അവയിൽ 149 ഉൽപ്പന്നങ്ങൾക്ക് കേരളഗ്രോ ബ്രാൻഡിംഗ് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ഉത്പാദന മേഖലയിലെ കൃഷിക്കൂട്ടങ്ങളിലൂടെ 8169 ഹെക്ടർ അധിക പ്രദേശത്ത് വിളവിസ്തൃതി വ്യാപനം നടത്തി കാർഷിക ഉത്പാദനം വർധിപ്പിക്കുകയും, പ്രാദേശിക വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ കർഷകരുടെ വരുമാനവും തൊഴിൽ അവസരങ്ങളും മെച്ചപ്പെടുത്തുകയും ചെയ്തു.

**(ബി)** 2020-21 വർഷത്തിൽ 15.7 ലക്ഷം മെട്രിക് ടൺ ആയിരുന്ന പച്ചക്കറി ഉത്പാദനം 2023-24 വർഷത്തോടെ 17.217 ലക്ഷം മെട്രിക് ടണ്ണായി ഉയർത്താൻ സർക്കാരിന്റെ കാർഷിക നയങ്ങൾ സഹായകരമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 2020-21 വർഷത്തിൽ 15.7 ലക്ഷം മെട്രിക് ടൺ ആയിരുന്ന പച്ചക്കറി ഉത്പാദനം 2023-24 വർഷത്തോടെ 17.217 ലക്ഷം മെട്രിക് ടണ്ണായി ഉയർത്താൻ കൃഷി വകുപ്പ് നടപ്പിലാക്കി വന്നിരുന്ന വിവിധ പദ്ധതിയിലൂടെ സാധ്യമായിട്ടുണ്ട്.

സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 'പച്ചക്കറി വികസന പദ്ധതി', 'ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം', 'പോഷക സമൃദ്ധി മിഷൻ', 'കൃഷി സമൃദ്ധി', 'ഞങ്ങളും കൃഷിയിലേയ്ക്ക്', തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വന്നിരുന്നു. 2020-21 വർഷത്തിൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.02 ലക്ഷം ഹെക്ടറും, പച്ചക്കറി ഉത്പാദനം 15.7 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2021-22 സാമ്പത്തിക വർഷത്തിൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.08 ലക്ഷം ഹെക്ടർ ആയി വർദ്ധിപ്പിക്കുകയും ഉല്പാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 17.10 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്യുന്നതിനു സാധ്യമായി. 2023-24 സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉല്പാദിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

**പച്ചക്കറി വികസന പദ്ധതി**

പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും, വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സങ്കരയിനങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറി വിത്തുകളുടെയും തൈകളുടെയും വിതരണം, പോഷകത്തോട്ടങ്ങളുടെ രൂപീകരണം, ദീർഘകാല പച്ചക്കറി വിളകളുടെ തൈ വിതരണം, പച്ചക്കറി തൈകളോട്ടു കൂടിയ മൺചട്ടി/ HDPE ചട്ടികളുടെ വിതരണം, മഴമറ നിർമ്മാണം എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ

ക്ലസ്റ്ററുകൾ, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾ എന്നിവയിലൂടെയുള്ള പച്ചക്കറി കൃഷി, ശീതകാല പച്ചക്കറി കൃഷി, പരമ്പരാഗത ഇനങ്ങളുടെ പച്ചക്കറി കൃഷി, ഇറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്നിവ നടപ്പിലാക്കി.

**"ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം"**

വിഷരഹിതമായ പച്ചക്കറി സംസ്ഥാനമൊട്ടാകെ ലഭ്യമാകുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. വിഷരഹിതമായ പച്ചക്കറി സംസ്ഥാനത്താകെ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് 2020 ജനവരി ഒന്ന മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസത്തിനുള്ള പദ്ധതി പ്രവർത്തനങ്ങളാണ് ഇതിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.

**പോഷക സമൃദ്ധി മിഷൻ**

പോഷക സമൃദ്ധവും, സുരക്ഷിതവുമായ ഭക്ഷണം ഉറപ്പു വരുത്തുന്നതിനും, മിഷനിൽ ഉൾപ്പെട്ട വിളകളുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മിഷൻ സഹായകരമായിട്ടുണ്ട്. പോഷക സമൃദ്ധമായ ഭക്ഷണ പദാർത്ഥങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, എന്നീ വിളകൾ കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ എക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ സമയബന്ധിതമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ വിളകളുടെ വികസനത്തിനായി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും വിവിധ കേന്ദ്ര- സംസ്ഥാന പദ്ധതികൾ ഫലപ്രദമായ രീതിയിൽ സംയോജിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

**ഞങ്ങളും കൃഷിയിലേക്ക്**

സംസ്ഥാനത്ത് എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക തുടങ്ങിയ ലക്ഷ്യത്തൊടെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് "ഞങ്ങളും കൃഷിയിലേക്ക്".

"ഞങ്ങളും കൃഷിയിലേക്ക്" നടത്തിപ്പിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു. കേരളീയരിൽ മുഴുവൻ കാർഷിക സംസ്കാരം ഉണർത്തുക എന്ന ലക്ഷ്യം മുൻ നിർത്തി എല്ലാ ജില്ലകളിലും അവബോധ ക്ലാസ്സുകൾ, ക്യാമ്പയിന്റെ പ്രചരണാർത്ഥം വിളമ്പര ജാഥ, വിത്തു വണ്ടി യാത്ര, കലാജാഥ, വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് കാർഷിക ക്വിസ് പരിപാടികൾ, കൃഷിയുമായി ബന്ധപ്പെട്ട കുട്ടികൾക്കുള്ള ചിത്ര രചന മത്സരങ്ങൾ, നഗര പ്രദേശങ്ങളിൽ ഫ്ലാഷ് മോബ്, എന്നിവ സംഘടിപ്പിച്ചു. ഇതിലൂടെ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, യുവജനങ്ങൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളെയും "ഞങ്ങളും കൃഷിയിലേക്ക്" ക്യാമ്പേയിന്റെ ഭാഗമാക്കാൻ കഴിഞ്ഞു. കൂടാതെ കർഷകർക്ക കൃഷി സംബന്ധമായ സംശയങ്ങൾ/പ്രശ്നങ്ങൾ അതിവേഗത്തിൽ ദൂരികരിക്കുന്നതിനായി വാട്ടസ്അപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഉദ്യോഗസ്ഥർ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുയും ചെയ്തിട്ടുണ്ട്.

**കൃഷി സമൃദ്ധി പദ്ധതി**

കൃഷി സമൃദ്ധി പദ്ധതിയിലൂടെ കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കി അനുയോജ്യമായ പ്രദേശങ്ങളിൽ ഉൾപ്പെട്ട 107 പഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി, സങ്കരയിനം പച്ചക്കറി തൈ വിതരണം, പോഷകത്തോട്ടം, മഴമറ നിർമ്മാണം എന്നീ ഘടകങ്ങൾ കൃഷി സമൃദ്ധി പദ്ധതിയിൽ സംയോജിപ്പിച്ചു കൊണ്ട് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധ്യമായിട്ടുണ്ട്.

**ഓണത്തിന് ഒരു മുറം പച്ചക്കറി**

ഓണക്കാലത്ത് സുരക്ഷിത പച്ചക്കറി ലഭ്യത ഉറപ്പു വരുത്തുന്നതിനുമായി കൃഷി വകുപ്പ് ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ഓണത്തിന് ഒരു മുറം പച്ചക്കറി", ഇതിലൂടെ ഓണക്കാലത്ത് സുരക്ഷിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്നു തന്നെ ലഭ്യമാക്കുവാൻ സാധ്യമാകുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീകൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, കൃഷിക്കൂട്ടങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി 2021-22 വർഷത്തിൽ 24000.85 ഹെക്ടറിൽ നിന്നും 3.7258 ലക്ഷം മെട്രിക് ടണ്ണും, 2022-23 ൽ 13660.186 ഹെക്ടറിൽ നിന്നും 0.69996 ലക്ഷം മെട്രിക് ടണ്ണും 2023-24 വർഷത്തിൽ 17615.932 ഹെക്ടറിൽ നിന്നും 1.14391 ലക്ഷം മെട്രിക് ടൺ പച്ചക്കറിയും ഉൽപ്പാദിപ്പിച്ചു.

**<u>2021-22 വർഷം മുതൽ 2023-24 വരെ നടപ്പിലാക്കിയ പദ്ധതി നേട്ടങ്ങൾ</u>**

- 226.83 ലക്ഷം സങ്കരയിനം ഉൾപ്പെടെയുള്ള പച്ചക്കറി വിത്തു പായ്ക്കറ്റുകളും 793.98 ലക്ഷം ദീർഘകാല പച്ചക്കറി തൈകൾ ഉൾപ്പെടെയുള്ള പച്ചക്കറി തൈകളും വിതരണം ചെയ്തു,
- 3326 സർക്കാർ/സർക്കാരിത/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി നടപ്പിലാക്കി.
- മട്ടുപ്പാവ് കൃഷിയ്ക്കായി പച്ചക്കറി തൈകൾ നടപ്പുപിടിപ്പിച്ച 110936 യൂണിറ്റ് (ഒരു യൂണിറ്റ് 25 ചെടിച്ചട്ടികൾ) വിതരണം നടത്തി.
- 216.358 ഹെക്ടറിൽ തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി നടപ്പിലാക്കി.
- 6618.91 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി വ്യാപിപ്പിച്ചു.
- സംസ്ഥാനത്ത് കഴിഞ്ഞ നാലുവർഷങ്ങളിലായി 2382 മഴമറ യൂണിറ്റുകൾ സ്ഥാപിച്ചു, 100 സ്ക്വയർ മീറ്ററിന്റെ ഒരു യൂണിറ്റിന് 50,000 രൂപ നിരക്കിൽ ധനസഹായം.
- ഒരു ക്ലസ്റ്ററിന് 1.25 ലക്ഷം രൂപ നിരക്കിൽ 3356 പച്ചക്കറി ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകി.
- 9892.56 ഹെക്ടറിൽ സ്റ്റാഗേർഡ് അടിസ്ഥാനത്തിൽ പന്തൽ/ പന്തൽ ആവശ്യമില്ലാത്ത ഇനം പച്ചക്കറികളുടെയും കൃഷി വ്യാപിപ്പിച്ചു.
- 6536 പമ്പ്സെറ്റുകൾ കർഷകർക്ക് വിതരണം ചെയ്തു.
- ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ 1917.3 ഹെക്ടറിൽ ശീതകാല പച്ചക്കറി പച്ചക്കറി കൃഷി നടപ്പിലാക്കി.
- 2556 സസ്യസംരക്ഷണ ഉപാധികൾ കർഷകർക്ക് വിതരണം ചെയ്തു.
- 3600 ഹെക്ടറിൽ തരിശുനില കൃഷി വ്യാപിപ്പിച്ചു.

**(സി)** ഞങ്ങളും കൃഷിയിലേയ്ക്ക് എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ രൂപീകരിച്ച 23,245 കൃഷിക്കൂട്ടങ്ങൾ വഴി ഉത്പാദന, സേവന, മൂല്യവർദ്ധിത മേഖലകളിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ രൂപീകരിച്ച കൃഷിക്കൂട്ടങ്ങളിലൂടെ ഉത്പാദന, സേവന, മൂല്യവർദ്ധിത മേഖലകളിൽ കാർഷിക പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചതിലൂടെയും സംരംഭകത്വം ഏറ്റെടുത്തതിലൂടെയും 2,22,817 എണ്ണം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു.

**(ഡി)** കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കാനും അതുവഴി ഉത്പാദന വർദ്ധനവ് സാധ്യമാക്കാനും പ്രസ്തുത ഇടപെടലുകൾ എത്രത്തോളം സഹായകമായി എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയുടെ ഭാഗമായി 47952 പേർ പുതുതായി കാർഷിക മേഖലയിലേക്ക് ആകർഷിക്കപ്പെടുകയും കാർഷിക പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകുകയും ചെയ്തു. പദ്ധതിയിലൂടെ 8169 ഹെക്ടർ തരിശ് പ്രദേശത്ത് കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു. വിവിധ കാർഷിക വിളകളുടെ ഉത്പാദനത്തിൽ ഗണ്യമായ വർധനവ് കൈവരിക്കുകയും ഏകദേശം 44837 മെട്രിക് ടൺ അധിക കാർഷിക ഉത്പാദനം സൃഷ്ടിക്കപ്പെടുകയും ചെയ്തു. ഇതുവഴി യുവജനങ്ങൾ, വനിതകൾ, ചെറുകിട-നാമമാത്ര കർഷകർ എന്നിവർ ഉൾപ്പെടെയുള്ള പുതിയ വിഭാഗങ്ങളുടെ പങ്കാളിത്തം വർധിക്കുകയും കാർഷിക ഉത്പാദനത്തിലും വരുമാനത്തിലും ശ്രദ്ധേയമായ വർധനവ് കൈവരിക്കുകയും ചെയ്തു. വിശദാംശം **അനുബന്ധമായി** ചേർക്കുന്നു

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

തരിശ്ശ് കൃഷിയുടെ വിശദാംശങ്ങൾ

<table>
<tr><th>ക്രമ നമ്പർ</th><th>തരിശ്ശ് ചെയ്ത വിള ഹെക്ടറിൽ</th><th>ആനുകൂല്യത്തിന്റെ നിരക്ക്</th><th>ആകെ നടപ്പിലാക്കിയ വിസ്തൃതി</th></tr>
<tr><td>1</td><td>നെൽകൃഷി</td><td>40,000/- ഹെക്ടർ</td><td>9086.1 ഹെക്ടർ</td></tr>
<tr><td>2</td><td>പച്ചക്കറികൃഷി</td><td>40,000/- ഹെക്ടർ</td><td>11440 ഹെക്ടർ</td></tr>
<tr><td>3</td><td>വാഴ</td><td>40,000/- ഹെക്ടർ</td><td rowspan="2">4463.9 ഹെക്ടർ</td></tr>
<tr><td>4</td><td>കിഴങ്ങ് വർഗ്ഗ വിള, ചെറുധാന്യം, പയർ വർഗ്ഗ വിളകൾ</td><td>30000/-ഹെക്ടർ</td></tr>
<tr><td></td><td>ആകെ</td><td></td><td>24990 ഹെക്ടർ</td></tr>
</table>

| ക്രമ നമ്പർ | നടപ്പിലാക്കിയ ഘടകം | നടപ്പിലാക്കിയ എണ്ണം |
|---|---|---|
| 1 | മഴ മറ | 2158 എണ്ണം |
| 2 | ഒരു കോടി ഫല വൃക്ഷതൈ നട്ടു വളർത്തൽ | 28493000 എണ്ണം |
| 3 | ജൈവഗ്രഹം | 14531 എണ്ണം |
| 4 | വിപണി ഇടപെടൽ | 1884 മാർക്കറ്റ് സ്ഥാപിച്ചു |